**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഗോത്രമേഖലകളിൽ എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഗോത്ര മേഖലകളിൽ എത്രമാത്രം പ്രയോജനപ്പെടുന്നുവെന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | നിഷ്ക്രിയമായ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി പദ്ധതികൾ തയാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | നിഷ്ക്രിയമായ പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് "പുനർജ്ജനി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. സഹകരണ വകുപ്പിന് കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ സമഗ്ര വികസനത്തിനും പരിശീലനത്തിനുമായുള്ള പദ്ധതി നിർദ്ദേശം ഫെഡറേഷൻ വഴി നടപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദ്ദേശം സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയുടെ കീഴിൽ സംഘങ്ങളുടെ പ്രവർത്തന അടിസ്ഥാനത്തിൽ തരംതിരിച്ച് നിഷ്ക്രിയ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതര വകുപ്പുകളുടെ കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളേയും, ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പദ്ധതി കൊണ്ട് എണ്ണൂറോളം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ശാക്തീകരണവും, അതുവഴി ഉള്ള സാമ്പത്തിക സാമൂഹിക വളർച്ചയും നേടുന്നതോടൊപ്പം ഉദ്ദേശം 10,000 ത്തോളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ